ഉത്തരം

(എ-ഡി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കു വടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. നീളം, കയറ്റം, ഇറക്കം, വളവ് എന്നിവ ഏറ്റവും കുറഞ്ഞതും ഏറ്റവും കുറഞ്ഞ നീളത്തിൽ പാലങ്ങൾ ആവശ്യമായതും കഴിയുന്നത്ര ജനവാസം കുറഞ്ഞ സ്ഥലങ്ങളിലൂടെ പോകുന്നതും ഏറ്റവും കുറഞ്ഞ ചെലവിൽ നിർമ്മാണം സാധിക്കുന്നതും പരിസ്ഥിതിപരമായി ഏറ്റവും അനുയോജ്യവുമായ ഒരു അലൈൻമെന്റാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ നിർമ്മാണം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ദേശീയപാതകളുടെ ടാറിംഗ്

33 (630) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ദേശീയപാതകൾ പൂർണ്ണമായും ബിറ്റുമിനസ് മെക്കാഡം ടാറിംഗ് നടത്താൻ പദ്ധതിയുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര കി.മീറ്റർ ദേശീയ പാതയിൽ ഇത്തരം ടാറിംഗ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്തെ മുഴുവൻ ദേശീയപാതകളും ബി. എം. & എ. സി. പണി നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 300 കി. മീ.

ലോകബാങ്ക് സഹായത്തോടെ നടത്തുന്ന റോഡ് വികസനം

34 (631) ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടത്തുന്ന റോഡ് വികസനത്തിന് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly